**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാൻ സപ്ലൈകോ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഓണക്കാലത്ത് വിലക്കയറ്റം ഫലപ്രദമായി തടയാൻ സപ്ലൈകോ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | സപ്ലൈകോയെ ജനങ്ങൾ ഏറ്റെടുക്കുന്ന കാഴ്ചയാണ് ഈ ഓണത്തോട് അനുബന്ധിച്ച് കാണാൻ കഴിഞ്ഞത്. 2025 ഓണക്കാലത്ത് സപ്ലൈകോയുടെ വിറ്റുവരവിൽ പൊതുജനങ്ങൾ അർപ്പിക്കുന്ന വിശ്വാസം പ്രകടമാണ്.<br><br>ഈ ഓണക്കാലത്ത് സർവകാല റെക്കോർഡുകൾ തകർക്കുന്ന രീതിയിലുള്ള വിൽപ്പനയാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി നടന്നത്. ഓഗസ്റ്റ് ഒന്നു മുതൽ സെപ്റ്റംബർ നാലുവരെയുള്ള കാലയളവിൽ 386.02 കോടി രൂപയുടെ വില്പനയാണ് സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി നടന്നിരിക്കുന്നത്.<br><br>മുൻകാലങ്ങളിൽ സപ്ലൈകോയുടെ ഏറ്റവും വലിയ പ്രതിദിന വില്പന 15.37 കോടി രൂപയായിരുന്നു. എന്നാൽ ഈ ആഗസ്റ്റ് മാസം മുതൽ പലതവണ ഈ റെക്കോർഡുകൾ ഭേദിക്കപ്പെട്ടു. സെപ്റ്റംബർ മാസം 2 ന് 24.99 കോടി രൂപയുടെ പ്രതിദി റെക്കോർഡിലെത്തി.<br><br>2024 ഓണത്തിന് 183 കോടി രൂപയുടെ വില്പന നടന്നപ്പോൾ ഈ ഓണക്കാലയളവിൽ 300 കോടിയിൽ കുറയാത്ത വില്പനയാണ് സപ്ലൈകോ ലക്ഷ്യമിട്ടത്. അവസാനത്തെ കണക്കുകൾ വന്നപ്പോൾ 180 കോടി രൂപയുടെ സബ്സിഡി വില്പനയും 206 കോടി രൂപയുടെ നോൺ സബ്സിഡി വില്പനയും ഉൾപ്പെടെ 386.02 കോടി രൂപയുടെ വില്പനയാണ് സപ്ലൈകോ നടത്തിയിരിക്കുന്നത്. ഈ കാലയളവിൽ 56.73 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോ സന്ദർശിച്ചു.<br><br>പൊതു വിപണിയിൽ കാര്യക്ഷമമായി ഇടപെട്ട് വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുക എന്നതാണ് സപ്ലൈകോയുടെ സ്ഥാപിത ലക്ഷ്യം. ആയതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം അരി, |

പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ, മല്ലി, മുളക് തുടങ്ങിയ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണിയേക്കാൾ 20 മുതൽ 35 ശതമാനം വിലക്കുറവിൽ) എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും നിയന്ത്രിത അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്ന പദ്ധതി**

പൊതു വിപണിയിൽ ഇടപെട്ട് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെയാണ് സപ്ലൈകോ സ്ഥാപിതമായിട്ടുള്ളത്. ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, മട്ട അരി, ജയ അരി, കുറുവ അരി, പച്ചരി എന്നീ 13 ഇനം അവശ്യ സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി വരുന്നു. പൊതു വിപണി വിലയേക്കാൾ 20% മുതൽ വിലക്കുറവിലാണ് പ്രസ്തുത സാധനങ്ങളുടെ സബ്സിഡി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ സബ്സിഡി വില വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.

**2. ഫ്രീസെയിൽസബ്സിഡി നിരക്കിൽ വിൽപ്പന**

ന്യായ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ നാല്പതോളം ഇനം ഭക്ഷ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 5 മുതൽ 30 ശതമാനം വരെ കുറഞ്ഞ വിലയിൽ [ഫ്രീസെയിൽസബ്സിഡി നിരക്കിൽ (FSSR)] വിൽപ്പന നടത്തി വരുന്നുണ്ട്.

**3. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ഉൽപ്പന്നങ്ങളുടെ വിൽപ്പന**

ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി, മട്ട അരി, ജയ അരി, കുറുവ അരി എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി

വിലയേക്കാൾഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിവരുന്നു.

**4. നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന**

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, പ്രമുഖ ബ്രാൻഡുകളുടെ FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ5 മുതൽ30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

**5. ഉത്സവ കാലങ്ങളിൽ വിവിധ ഫെയറുകൾ സംഘടിപ്പിക്കുന്നത്**

സംസ്ഥാനത്ത് ഓണം, വിഷു, ഈസ്റ്റർ, റംസാൻ, ക്രിസ്മസ് മുതലായ ഉത്സവ കാലങ്ങളിൽ സപ്ലൈകോ ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷവും സപ്ലൈകോ വിവിധ ഉത്സവ കാല ഫെയറുകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു പ്രമുഖ വിൽപ്പനശാല 26-03-25 മുതൽ30-03-25 വരെ റംസാൻ ഫെയറുകളായി പ്രവർത്തിപ്പിച്ചു. കൂടാതെ എല്ലാ താലൂക്കിലെയും ഒരു പ്രമുഖ സപ്ലൈകോ വിൽപ്പനശാല 10-04-2025 തീയതി മുതൽ 19-04-2025 വരെ വിഷു- ഈസ്റ്റർ ഫെയർ എന്ന നിലയിൽ പ്രവർത്തിപ്പിച്ചു.

ഈ ഓണക്കാലത്ത് എല്ലാ ജില്ലകളിലും ജില്ലാ ഫെയറുകൾ സംഘടിപ്പിച്ചു. കൂടാതെ ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക മണ്ഡലങ്ങളിൽ പ്രമുഖ സപ്ലൈകോ വിൽപ്പനശാലയോട് ചേർന്ന് ഓണച്ചന്തകൾ സംഘടിപ്പിച്ചു. ഇതിനുപുറമേ 140 നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ഓണച്ചന്തകൾ നിശ്ചിത ഷെഡ്യൂളുകൾ പ്രകാരം പ്രവർത്തിപ്പിച്ചു.

**6. സൗജന്യ ഓണക്കിറ്റുകളുടെ വിതരണം**

2025 ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ AAY വിഭാഗം കാർഡ് ഉടമകൾക്കും സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കും സൗജന്യമായി ആറുലക്ഷത്തോളം ഓണക്കിറ്റുകൾ തയ്യാറാക്കി വിതരണത്തിനായി റേഷൻ കടകളിൽ എത്തിച്ചു നൽകിയിട്ടുണ്ട്. ആയത് റേഷൻകടകൾ വഴി വിതരണം ചെയ്തു വരുന്നു. അന്തിമ കണക്കുകൾ വിതരണം പൂർത്തിയായ ശേഷം അറിയിക്കുന്നതാണ്.

| | | | |
|---|---|---|---|
| | | | **7. ശബരി സിഗ്നേച്ചർകിറ്റ് , സമൃദ്ധി കിറ്റ് എന്നിവ**<br><br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ ഓണക്കാലത്ത് സപ്ലൈകോ സ്വന്തം ബ്രാൻഡായ ശബരി സിഗ്നേച്ചർകിറ്റ് , സമൃദ്ധി കിറ്റ് എന്നിവയും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br><br>**8. ഓണം സ്പെഷ്യൽഅരി**<br><br>എഫ്.സി.ഐ. യിൽനിന്ന് OMSS Scheme ൽ ലഭ്യമായ ഓണം സ്പെഷ്യൽപച്ചരിയും പുഴുക്കൽ അരിയും കിലോഗ്രാമിന് 25/- രൂപ നിരക്കിൽ പരമാവധി 20 കിലോ വരെ വിൽപ്പന നടത്തി വരുന്നു.<br><br>പൊതു വിപണിയിൽ വെളിച്ചെണ്ണ വില ക്രമാതീതമായി (ലിറ്ററിന് 450/- രൂപയിലധികം) ഉയർന്ന സാഹചര്യത്തിൽ, 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണ ലിറ്ററിന് 339/- രൂപ നിരക്കിലും പൊതുജനങ്ങൾക്ക് നോൺ സബ്സിഡി ശബരി വെളിച്ചെണ്ണ 1 ലിറ്ററിന് 389/- രൂപ നിരക്കിലും സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കി. കൂടാതെ 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് ആഗസ്റ്റ് മാസത്തെ സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണയോടൊപ്പം സെപ്തംബർ മാസത്തെയും വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കി. ഇതിനു പുറമേ സെപ്തംബർ3, 4 തീയതികളിൽ സപ്ലൈകോ വിൽപ്പനശാലകളിൽനിന്ന് 1500/- രൂപയോ അതിൽകൂടുതലോ തുകയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറായി 1 ലിറ്ററിന് 339 /- രൂപ നിരക്കിൽശബരി വെളിച്ചെണ്ണ നൽകി.<br><br>സപ്ലൈകോ സ്വീകരിച്ച മേൽപ്പറഞ്ഞ നടപടികൾ സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായകരമായിട്ടുണ്ട്. |
| (ബി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് എന്തൊക്കെ ഗുണഫലമാണ് ഉപഭോക്താക്കൾക്ക് ലഭ്യമായതെന്നും ഈ ഓണക്കാലത്ത് നാളിതുവരെ എത്ര രൂപയുടെ വിറ്റുവരവാണ് ലഭ്യമായതെന്നും വിശദമാക്കാമോ; | (ബി) | (A) പിരിവിൽ കാണാവുന്നതാണ്. |
| (സി) | മഞ്ഞക്കാർഡ് വിഭാഗത്തിനും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന ഓണക്കിറ്റിന്റെ വിതരണം സമ്പൂർണ്ണമാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (സി) | 2025 ഓണത്തോടോനുബന്ധിച്ച് AAY വിഭാഗം കാർഡുടമകൾക്കും സാമൂഹ്യക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കും സൗജന്യമായി ഓണക്കിറ്റുകൾ വിതരണം നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള 59194 AAY |

| | | | |
|---|---|---|---|
| | | | കാർഡുകളിൽ ഇതുവരെ 567601 കിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ. കന്യാസ്ത്രീ മഠങ്ങൾ. ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (നാല് പേർക്ക് ഒരു കിറ്റ് എന്ന കണക്കിൽ) ഇതുവരെ 8952 കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.<br><br>കൂടാതെ പത്തനംതിട്ട ജില്ലയിലെ ചെങ്ങറ സമരഭൂമിയിൽ ഉൾപ്പെട്ട 426 കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | നിലവിൽ എത്ര സപ്ലൈകോ ഗിഫ്റ്റ് കാർഡുകളാണ് വിറ്റഴിച്ചതെന്നും ജനങ്ങൾക്ക് ഏറെ ആശ്വാസകരമായ ഈ പദ്ധതി തുടരുന്നത് പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ? | (ഡി) | സപ്ലൈകോ 1000/- രൂപ മുഖവിലയുള്ള 6150 കാർഡുകളും, 500/- രൂപ മുഖവിലയുള്ള 8909 കാർഡുകളും പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്കായി 2425 കാർഡുകളും KSFE ചിട്ടി ഉപഭോക്താക്കൾക്ക് 35000 കാർഡുകളുമാണ് ഇതുവരെ ഗിഫ്റ്റ് കാർഡ് ഇനത്തിൽ വിറ്റഴിച്ചിട്ടുള്ളത്. ഈ പദ്ധതി തുടരുന്നത് പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**13 ഇനം സബ്സിഡി സാധനങ്ങളും അവയുടെ നിലവിലെ വിലയും അനുവദനീയമായ പരമാവധി അളവും**

| ക്രമ നമ്പർ | ഇനം | സബ് സിഡി വിൽപ്പന വില രൂപ | സബ് സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് (1 കി. ഗ്രാം) | 90 | 1 കിലോ ഗ്രാം |
| 3 | കടല (1 കി. ഗ്രാം) | 65 | 1 കിലോ ഗ്രാം |
| 4 | വൻപയർ (1 കി. ഗ്രാം) | 70 | 1 കിലോ ഗ്രാം |
| 5 | തുവര പരിപ്പ് (1 കി. ഗ്രാം) | 93 | 1 കിലോ ഗ്രാം |
| 6 | മുളക് (1 കി. ഗ്രാം) | 110 | 1 കിലോ ഗ്രാം |
| 7 | മല്ലി (500 ഗ്രാം) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര (1 കി. ഗ്രാം) | 33 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ സബ്സിഡി ½ ലിറ്റർ | 140 | ½ ലിറ്റർ |
| 10 | ജയ അരി (1 കി. ഗ്രാം) | 33 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി (1 കി. ഗ്രാം) | 33 | |
| 12 | മട്ട അരി (1 കി. ഗ്രാം) | 33 | |
| 13 | പച്ചരി (1 കി. ഗ്രാം) | 29 | |

മേൽപ്പറഞ്ഞ സാധനങ്ങൾക്ക് നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്ത് നൽകുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്.